DESPATCHED
On..14/1/22..

10/12/2021

# സംസ്ഥാന വിവരാവകാശ കമ്മീഷൻ, കേരളം


**പുന്നൻ റോഡ്, തിരുവനന്തപുരം 695 001**

**Tel: 0471- 2561631, 2561615, Fax: 0471-2330920**

**Email:- sic.ker@nic.in**


**ഹർജി നമ്പർ AP.No.2066 (5)/19/SIC**

**തീർപ്പ് കൽപ്പിച്ചു കൊണ്ടുള്ള നടപടിക്രമം**

**File No. 15305 /SIC-G7/2020**

**ഉത്തരവ് തീയതി : 10.12.2021**

**സന്നിഹിത**

**ശ്രീമതി. ശ്രീലത പി. ആർ., സംസ്ഥാന വിവരാവകാശ കമ്മീഷണർ**

**ശ്രീ ബി.എസ്.മണിലാൽ,**
**എസ്സ്.ഇ.ഐ, സുപ്രിയ (തിരുവാതിര),**
**പാലസിന് എതിർവശം, ആലുവ – 683 101.** } **അപ്പീൽ ഹർജിക്കാരൻ**

**Vs**

1. **സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ,**
**കേരള വനിതാ കമ്മീഷൻ, ലൂർദ് ചർച്ചിനു സമീപം**
**പട്ടം, തിരുവനന്തപുരം – 695 004.**

2. **അപ്പീൽ അധികാരി,**
**കേരള വനിതാ കമ്മീഷൻ, ലൂർദ് ചർച്ചിനു സമീപം**
**പട്ടം, തിരുവനന്തപുരം – 695 004.**

} **എതിർകക്ഷികൾ**

| | |
|---|---|
| 6(1) അപേക്ഷ തീയതി | 28.05.2019 |
| പബ്ലിക് ഇൻഫർമേഷൻ ഓഫീസറുടെ മറുപടി | 29.06.2019 |
| ഒന്നാം അപ്പീൽ | 09.07.2019 |
| അപ്പീൽ അധികാരിയുടെ തീരുമാനം | 27.07.2019 |
| രണ്ടാം അപ്പീൽ സമർപ്പിച്ച തീയതി | 18.09.2019, 06.08.2019 |
| ഹിയറിംഗ് തീയതി, സ്ഥലം | 10.09.2021 സംസ്ഥാന വിവരാവകാശ കമ്മീഷൻ, തിരുവനന്തപുരം. |
| അപ്പീൽ ഹർജിക്കാരൻ | ഹാജരായിരുന്നു |

## ഉത്തരവ്

കമ്മീഷന്റെ പരിഗണനയ്ക്ക് വന്ന ഈ അപ്പീൽ ഹർജിയിൽ സമർപ്പിക്കപ്പെട്ട രേഖകളും, എതിർകക്ഷിയും അപ്പീൽ ഹർജിക്കാരനും ഓഡിയോ കോൺഫെറൻസ് മുഖാന്തിരം കമ്മീഷൻ മുമ്പാകെ നൽകിയ മൊഴിയും, വിശദീകരണവും വിശദമായി പരിശോധിച്ച് താഴെ പറയും പ്രകാരം തീർപ്പാക്കുന്നു.

2. കേരള വനിതാ കമ്മീഷൻ മുൻ ചെയർപേഴ്സൺ ആയ ശ്രീമതി എം.സി.ജോസഫൈന്റെ റേഷൻ കാർഡിന്റെ പകർപ്പ് ആവശ്യപ്പെട്ടുകൊണ്ട് സമർപ്പിച്ച

വിവരാവകാശ അപേക്ഷയ്ക്ക് 29.06.201 ന് എസ്.പി.ഐ.ഒ നൽകിയ മറുപടി തൃപ്തികരമല്ലാത്തതിനാൽ 09.07.2019 ന് അപ്പീൽ സമർപ്പിക്കുകയും പ്രസ്തുത അപ്പീൽ 27.07.2019 ന് തീർപ്പാക്കി ഉത്തരവ് നൽകുകയും ചെയ്തു.

3. വിവരാവകാശ നിയമപ്രകാരം ആവശ്യപ്പെട്ട വിവരങ്ങൾ ലഭ്യമായില്ലെന്നാണ് ഹർജിക്കാരൻ കമ്മീഷൻ മുമ്പാകെ മൊഴി നൽകിയത്. ശ്രീമതി.എം.സി.ജോസഫൈൻ ആലുവ താലൂക്ക് സപ്ലൈ ഓഫീസറുടെ 19.12.2018 ലെ എ2/1707/15 നമ്പർ സാക്ഷ്യപത്രം ഹാജരാക്കിയിരുന്നുവെന്നും ആയതിൽ 2008 ൽ ശ്രീ.പി.മത്തായി, പള്ളിപ്പാട്ട് വീട്, അങ്കമാലി എന്ന ആളുടെ പേരിൽ അനുവദിച്ച 1736026122 നമ്പർ റേഷൻ കാർഡിൽ ശ്രീമതി ജോസഫൈന്റെ പേര് ഉൾപ്പെട്ടിട്ടുണ്ടെന്നും എന്നാൽ ടി കാർഡ് 2008 നു ശേഷം പുതുക്കിയിട്ടില്ലെന്നും, റേഷൻ കാർഡ് ഇല്ലെങ്കിൽ സത്യവാങ്മൂലം നൽകേണ്ടത് ശ്രീമതി ജോസഫൈനാണെന്നും ഹർജിക്കാരൻ ആവശ്യപ്പെട്ടത് ശ്രീമതി ജോസഫൈന്റെ വ്യക്തിപരമായ രേഖകളുടെ പകർപ്പാണെന്നും ആയത് ഓഫീസിൽ ലഭ്യമല്ലാത്തതിനാൽ വിവരാവകാശ നിയമം 8(ജെ) പ്രകാരം നൽകേണ്ടതില്ലെന്നും പ്രസ്തുത വിവരം വിവരാവകാശ നിയമത്തിന്റെ പരിധിയിൽ വരുന്നതല്ലെന്നും എസ്.പി.ഐ.ഒ കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചു. വിവരാവകാശ അപേക്ഷയിൽ ആവശ്യപ്പെട്ട വിവരങ്ങൾ ലഭ്യമായില്ലെന്നാണ് അപ്പീൽ ഹർജിക്കാരൻ കമ്മീഷൻ മുമ്പാകെ മൊഴി നൽകിയത്.

4. അപ്പീൽ ഹർജിയും അനുബന്ധ രേഖകളും ഇരുകക്ഷികളുടെയും മൊഴിയും കമ്മീഷൻ വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ, അപ്പീൽ ഹർജിക്കാരൻ സമർപ്പിച്ച വിവരാവകാശ അപേക്ഷയിൽ ആവശ്യപ്പെട്ടിരുന്നത് മൂന്നാംകക്ഷി വിവരമാണെന്ന് കമ്മീഷൻ നിരീക്ഷിക്കുന്നു. "വിവരാവകാശം" എന്നാൽ ഏതെങ്കിലും പൊതു അധികാര സ്ഥാനത്തിന്റെ സൂക്ഷിപ്പിലുള്ളതും അല്ലെങ്കിൽ നിയന്ത്രണത്തിൻ കീഴിലുള്ളതുമായ വിവരങ്ങൾ ലഭ്യമാക്കുക എന്നാണ്. ഒരു പൊതു അധികാരസ്ഥാനത്തിൽ ലഭ്യമായ വിവരങ്ങൾ മാത്രമേ വിവരാവകാശ നിയമപ്രകാരം ലഭ്യമാക്കാൻ കഴിയൂ. നിലവിൽ ശ്രീമതി ജോസഫൈന് ഈ പറയുന്ന സ്ഥലത്ത് റേഷൻ കാർഡില്ലെന്ന എസ്.പി.ഐ.ഒ യുടെ വെളിപ്പെടുത്തലിന്റെ അടിസ്ഥാനത്തിൽ ഈ അപ്പീൽ ഹർജിയിന്മേൽ ഇന്നേ ദിവസം 2021 ഡിസംബർ മാസം 10-ാം തീയതി ഉത്തരവാകുന്നു

(ഒപ്പ്)
**ശ്രീലത. പി. ആർ.**
**സംസ്ഥാന വിവരാവകാശ കമ്മീഷണർ**

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

കമ്മീഷൻ സെക്രട്ടറി
Jn

STATE INFORMATION COMMISSION * KERALA * THIRUVANANTHAPURAM